പണി പുനരാരംഭിച്ച് അടിയന്തരമായി തീർപ്പാക്കണമെന്നും പ്രസ്തുത പരാതിയിൽ ആവശ്യപ്പെട്ടിരുന്നു.

ഈ പരാതിയിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.എ.)യെ ചുമതലപ്പെടുത്തുകയും ആയതുപ്രകാരം ചെല്ലഞ്ചിപ്പാലത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പിലേയ്ക്ക് പാലോട്, കല്ലറ വില്ലേജുകളിൽപ്പെട്ട 41 പേർ ലാന്റ് റിലിങ്കുിഷ്മെന്റ് ഫാറം പി.ഡബ്ല്യു.ഡി. അധികൃതർക്ക് ഒപ്പിട്ട് കൈമാറിയിട്ടുണ്ടായിരുന്നെന്നും എന്നാൽ യഥാസമയം ടി ഫാറങ്ങൾ അനന്തര നടപടികൾക്കായി റവന്യൂ അധികൃതർക്ക് കൈമാറുന്നതിന് പകരം ടി ആഫീസിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തു.

ടി പരാതി സംബന്ധിച്ച് ഡെപ്യൂട്ടി കളക്ടർ (എൽ.എ.) യുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം റിക്വിസിഷൻ അതോറിറ്റിയായ പി.ഡബ്ല്യു.ഡി. (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്, എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഭൂമി സംരക്ഷണം

127 (1156) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് താലൂക്കിൽ സ്വകാര്യ വ്യക്തികളിൽനിന്ന് പിടിച്ചെടുത്ത റവന്യൂ ഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

കയ്യേറ്റം ഒഴിപ്പിച്ച ഭൂമിയിൽ വീണ്ടും കയ്യേറ്റമുണ്ടാകാതെ സംരക്ഷിക്കുന്നതിനുള്ള കർശന നിർദ്ദേശം ജില്ലാ കളക്ടർ ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

പാട്ട ഭൂമിയിൽനിന്ന് വാടക

128 (1158) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാട്ടത്തിന് നൽകിയ ഭൂമിയിൽനിന്ന് വാടക യഥാസമയം പിരിച്ചെടുക്കാത്തതുമൂലം എത്ര നഷ്ടമുണ്ടായതായിട്ടാണ് സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; പ്രസ്തുത തുക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഏകദേശം 500 കോടി രൂപ നഷ്ടമുണ്ടായതായിട്ടാണ്, സി.എ.ജി. റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി, അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ കേരളാ ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ, കാലാവധി കഴിഞ്ഞ ഭൂമി തിരികെ സർക്കാരിലേയ്ക്ക് ഏറ്റെടുക്കുക എന്നീ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസ് മാറ്റി സ്ഥാപിക്കൽ

129 (1159) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അങ്കമാലി നിയോജകമണ്ഡലത്തിലെയും സമീപ നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഫോർട്ട് കൊച്ചിയിലുള്ള റവന്യൂ ഡിവിഷണൽ ഓഫീസിൽ എത്തിച്ചേരുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് എറണാകുളത്തേയ്ക്കോ കാക്കനാട് കളക്ടറേറ്റിലേക്കോ മാറ്റണമെന്നകാര്യം ശ്രദ്ധയിൽ പ്പെടുത്തിയിട്ടും നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

ഫോർട്ട് കൊച്ചിയിൽ പ്രവർത്തിക്കുന്ന റവന്യൂ ഡിവിഷണൽ ഓഫീസ് എറണാകുളത്തേയ്ക്കോ കാക്കനാട് കളക്ടറേറ്റിലേക്കോ മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ, എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരന്ത പ്രതികരണനിധി

130 (1160) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം 2011-2014 കാലയളവിൽ എറണാകുളം ജില്ലയിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly